**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 694** **10-02-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണ മേഖലയിലെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് പ്രഖ്യാപിച്ച മലപ്പുറം പാക്കേജിന്റെ പുരോഗതി വെളിപ്പെടുത്തുമോ; | (എ) | മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണ മേഖലയിലെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് പ്രഖ്യാപിച്ച മലപ്പുറം പാക്കേജിൽ 410.93 കോടി രൂപയുടെ വർക്കുകളാണ് 2024-25, 2025-26, 2026-27 വർഷങ്ങളിലായിട്ട് വകയിരുത്തിയിരിക്കുന്നത്. 165.26 കോടി രൂപയുടെ പ്രവൃത്തികളാണ് 2024-25 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 55.3 കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും, ബാക്കിയുള്ള പ്രവൃത്തികളുടെ ടെണ്ടർ പുരോഗതിയിലുമാണ് എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |
| (ബി) | പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹ്രസ്വകാല - ദീർഘകാല പദ്ധതികളുടെ വിശദാംശം നൽകാമോ; | (ബി) | 2024-25 സാമ്പത്തിക വർഷത്തിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കൽ ഏരിയൽ ബഞ്ച്ഡ് കേബിൾ/ കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് ഹൈ ടെൻഷൻ ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ഹൈ ടെൻഷൻ ലൈനിലെ പഴയ കമ്പികൾ മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിൾ/ കവേർഡ് കണ്ടക്ടർ ഉപയോഗിച്ചുകൊണ്ട് പുതിയ ലൈൻ നിർമ്മിക്കുന്ന പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾ എന്നിവ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. 2025-26, 2026-27 സാമ്പത്തിക വർഷത്തിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി പുതിയ 11 കെ വി ഫീഡറുകൾ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, നിലവിലുള്ള ലൈനുകളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ലോ ടെൻഷൻ ലൈനുകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, പുതിയ സബ്സ്റ്റേഷനുകളിൽ നിന്നുള്ള 11 കെ വി ലൈനുകൾ വലിക്കൽ എന്നിവയും ചെയ്ത് തീർക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജില്ല നേരിടുന്ന വോൾട്ടേജ് ക്ഷാമം, അടിക്കടിയുള്ള വൈദ്യുതി തടസ്സങ്ങൾ എന്നിവയ്ക്ക് ശാശ്വതമായ പരിഹാരമാവാൻ പാക്കേജിലൂടെ സാധിക്കുമോ;വ്യക്തമാക്കുമോ; | (സി) | സാധിയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഫീഡർ ഓവർ ലോഡിംഗ് പരിഹരിയ്ക്കുകയും, ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കൂട്ടുകയും ചെയ്യുന്നതിലൂടെ ജില്ല നേരിടുന്ന വോൾട്ടേജ് ക്ഷാമം, വൈദ്യുതി തടസ്സങ്ങൾ എന്നിവ ശാശ്വതമായി പരിഹരിയ്ക്കാനാകും എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |
| (ഡി) | പാക്കേജിലെ വിവിധ പദ്ധതികൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ചിട്ടുണ്ടോ; പാക്കേജ് പരിപൂർണ്ണമായും എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഉണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തിൽ, വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, നിലവിലുള്ള സബ്സ്റ്റേഷനുകളിൽ നിന്നുള്ള ഫീഡറുകൾ ഭൂഗർഭ കേബിൾ/ഏരിയൽ ബഞ്ച്ഡ് കേബിൾ തുടങ്ങിയ ലൈൻ ഉപയോഗിച്ച് സ്ഥാപിക്കൽ, എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2027 മാർച്ച് മാസത്തോട്ടു കൂടി പരിപൂർണ്ണമായും ഈ പ്രവൃത്തികൾ യഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ